**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5828** **08-11-2021 - ൽ മറുപടിയ്ക്ക്**

**ജല വൈദ്യുത പദ്ധതികളുടെ നവീകരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദ്ദീൻ,<br>ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ എ കെ എം അഷ്റഫ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജല വൈദ്യുത പദ്ധതികളുടെ വാർഷിക അറ്റകുറ്റപ്പണികളും നവീകരണ പ്രവർത്തനങ്ങളും യഥാസമയം നടത്താൻ കഴിയുന്നുണ്ടോ എന്ന് അറിയിക്കാമോ; | (എ) | ജലവൈദ്യുത പദ്ധതികളുടെ വാർഷിക അറ്റകുറ്റപ്പണികളും നവീകരണ പ്രവർത്തനങ്ങളും യഥാസമയം നടത്താൻ കഴിയുന്നുണ്ട്. എന്നാൽ, ഉപഭോഗം കൂടുകയും ജനറേറ്ററുകൾ പെട്ടെന്ന് നിർത്തി വയ്ക്കുവാൻ പറ്റാതെ വരുന്ന ചില അത്യാവശ്യ ഘട്ടങ്ങളിൽ സംസ്ഥാനത്ത് വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഇവ നീട്ടി വയ്ക്കേണ്ടതായി വന്നിട്ടുണ്ട്. |
| (ബി) | സമഗ്രമായ പുനരുദ്ധാരണം വേണ്ടിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇതിനാവശ്യമായ സാങ്കേതികവിദ്യ വൈദ്യുതി ബോർഡിനുണ്ടോ; വിശദമാക്കാമോ; | (ബി) | ജലവൈദ്യുത പദ്ധതികളുടെ കാലാവധി ഏകദേശം 35 വർഷം കഴിയുമ്പോഴാണ് പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യുന്നത്. കരാർ കൊടുത്താണ് പ്രസ്തുത പ്രവൃത്തികൾ ചെയ്യുന്നത്. ഇത്തരത്തിൽ കെ.എസ്.ഇ. ബി.എൽ-ന്റെ പഴയ ജലവൈദ്യുത പദ്ധതികളുടെ നവീകരണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ഈ വകയിൽ നവീ കരണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ഇവ കൂടാതെ കുറ്റ്യാടി (3x25MW to 3x27.5MW) RMU പദ്ധതി പുരോഗമിക്കുന്നു. സെപ്റ്റംബർ 2023-ൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. |
| (സി) | കേന്ദ്ര പൂളിൽ നിന്നും ഇതര നിലയങ്ങളിൽ നിന്നും വാങ്ങുന്ന വൈദ്യുതിയിൽ കുറവുണ്ടായ സാഹചര്യത്തിൽ ജലവൈദ്യുത പദ്ധതികൾ സമഗ്രമായി നവീകരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | കേന്ദ്ര പൂളിൽ നിന്നും ലഭിക്കുന്ന വൈദ്യുതിയിൽ കുറവുണ്ടാകുന്ന സാഹചര്യത്തിൽ സംസ്ഥാ നത്തെ എല്ലാ ജലവൈദ്യുത നിലയങ്ങളും പൂർണ്ണ ശേഷിയിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

## പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പദ്ധതികൾ

| നമ്പർ | പദ്ധതി | പൂർത്തീകരിച്ച വർഷം |
|---|---|---|
| 1 | ഇടുക്കി ജലവൈദ്യുത പദ്ധതി 1st stage (3x130MW) R&M | 2021 |
| 2 | ഷോളയാർ ജലവൈദ്യുത പദ്ധതി (3x18MW) R&M | 2020 |
| 3 | ഷോളയാർ പെൻസ്റ്റോക്ക് നവീകരണ പദ്ധതി | 2020 |
| 4 | പൊരിങ്ങൽക്കുത്ത് (4x8MW to 4x9 MW) RMU | 2015 |
| 5 | പൊരിങ്ങൽക്കുത്ത് പെൻസ്റ്റോക്ക് നവീകരണ പദ്ധതി | 2016 |